**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** **12-07-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവികൾ ഉണ്ടാക്കുന്ന കാർഷിക നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യ ജീവികളുണ്ടാക്കുന്ന കാർഷിക നാശനഷ്ടങ്ങളുടെ കണക്കുകൾ ശേഖരിക്കുന്നതിൽ വനം വകുപ്പ് വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല എന്ന കർഷക സംഘടനകളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വന്യജീവികൾ മൂലമുണ്ടാകുന്ന കാർഷിക നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ നിലവിൽ ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. ടി അപേക്ഷകൾ സമർപ്പിക്കുന്ന അവസരത്തിൽ, കർഷകർക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങളെ സംബന്ധിച്ച് കാർഷിക വിളകൾ തിരിച്ചുള്ള വിവരങ്ങൾ വനം വകുപ്പ് ജീവനക്കാർ ഫീൽഡ് പരിശോധന നടത്തി 08.01.2015-ലെ സ.ഉ.(കൈ)നം. 02/2015/വനം, 05.04.2018-ലെ സ.ഉ.(കൈ)നം 17/2018/വനം എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട തുക, നശിപ്പിക്കപ്പെട്ട ഓരോ കാർഷിക വിളകൾക്കുമായി കണക്കാക്കി വരുന്നുണ്ട്. |
| (ബി) | വനം വകുപ്പിന്റെ സ്ഥിതി വിവര കണക്കുകളെക്കുറിച്ചുള്ള ആധികാരിക രേഖയായ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് രണ്ടു വർഷമായി പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം അറിയിക്കുമോ; ആയത് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലവും അടച്ചിടലും കാരണമാണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ കാലതാമസം നേരിട്ടത്. ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് - 2020 വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഗവൺമെൻറ് പ്രസ്സിൽ അച്ചടി പൂർത്തിയാകുന്ന മുറയ്ക്ക് കോപ്പികൾ ലഭ്യമാകും. ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് - 2021-ന്റെ ക്രോഡീകരണം നടന്നു വരുന്നു. ആയത് 2022 ഡിസംബർ മാസത്തിനകം പ്രസിദ്ധീകരിക്കാനാവുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ